**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **27-01-2026 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ വിജയകരമായ പ്രവർത്തനങ്ങൾ കേരളീയ സാമൂഹ്യ ജീവിതത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വികസനത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥാപിച്ചുകൊണ്ടുള്ള വികേന്ദ്രീകൃത ആസൂത്രണ മാതൃക ഈ കാലയളവിൽ ജനജീവിതത്തിൽ ഗുണപരമായ നിരവധി മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതിയുടെ പദ്ധതി വിഹിതത്തിന്റെ 28 ശതമാനം വികസന ഫണ്ടായി ക്രമാനുഗത വർദ്ധനവോടെ വകയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ചാലകമാകുന്നു. 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷം കൊണ്ട് 52648.39 കോടി രൂപയും 2021-22 മുതൽ 2025-26 വർഷം വരെ 70526.77 കോടി രൂപയും കൂടി 10 വർഷം കൊണ്ട് 123175.16 കോടി രൂപ നൽകി. ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കുള്ള തുക കൂടാതെ കഴിഞ്ഞ 5 വർഷം കൊണ്ട് റോഡ് പ്രവൃത്തികൾക്ക് മാത്രമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 8867.07കൂടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.<br><br>കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) കേരളം തുടർച്ചയായി രണ്ടാമതും അംഗീകരിക്കപ്പെട്ടു. നീതി ആയോഗിന്റെ 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകം തന്നെ നേടിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് |

മന്ത്രാലയത്തിന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ തയ്യാറാക്കിയ 'സ്റ്റാറ്റസ് ഓഫ് ഡെവല്യൂഷൻ റ്റു പഞ്ചായത്ത്സ് ഇൻ സ്റ്റേറ്റ്സ്' പ്രകാരം കേരളത്തിന് രണ്ടാം സ്ഥാനമാണ്. എന്നാൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനത്തിന്റെ devolution ൽ ശമ്പളം, വേതനം എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത് കൊണ്ടാണ് കേരളം രണ്ടാമതായത്. കേരളത്തിന്റെ കണക്കിൽ അവ ഉൾപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വിഹിതം മാത്രമാണ് കേരളത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നത്.

മേൽ പ്രകാരം വിവിധ വികസന സൂചികകളിൽ കേരളത്തിന് പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന മികവും പരമപ്രധാനമാണ്.

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 64,006 കുടുംബങ്ങളെ കണ്ടെത്തി, ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനുകൾ തയ്യാറാക്കി ഭക്ഷണം, പാർപ്പിടം, ആരോഗ്യസംരക്ഷണം, ഉപജീവനം എന്നിവ ഉറപ്പാക്കി, 2025 നവംബർ 1-ന് കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യരഹിത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 31.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

പാലിയേറ്റീവ് കെയർ വഴി ലക്ഷക്കണക്കിന് രോഗികൾക്ക് പരിചരണവും തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കി.

തൊഴിലും സംരംഭകത്വവും തദ്ദേശ സ്ഥാപനങ്ങളുടെയും പ്രധാന മുൻഗണനയായി. തൊഴിൽസഭ, വിജ്ഞാന കേരളം തുടങ്ങിയ പദ്ധതികൾ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കും വഴിതുറന്നു.

തദ്ദേശ സ്ഥാപനങ്ങളിൽ 50 ശതമാനം വനിതാ സംവരണം, കുടുംബശ്രീ മുഖേനയുള്ള ഉപജീവന പദ്ധതികൾ, വനിതാ സംരംഭകത്വം, ആരോഗ്യ-

സുരക്ഷാ പദ്ധതികൾ എന്നിവ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക നില മെച്ചപ്പെടുത്തി. ഇതോടൊപ്പം, മാലിന്യ സംസ്കരണം, ഇ-ഗവേണൻസ് (കെ-സ്മാർട്ട്), കാലാവസ്ഥാ പ്രതിരോധം, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിലും കേരളം മുന്നേറ്റം നടത്തി.

K-Smart സംവിധാനം ഏർപ്പെടുത്തിയതോട് കൂടി ലോകത്തെവിടെയിരുന്നും വിവാഹം രജിസ്റ്റർ ചെയ്യാം. ലോകത്തിന്റെ ഏത് ഭാഗത്ത് നിന്നും ഏത് തദ്ദേശ സ്ഥാപന സേവനവും വിരൽത്തുമ്പിൽ ലഭ്യമാണ്. നേരിട്ട് പോകേണ്ടതില്ല. കെ-സ്മാർട്ട് വഴി നികുതി പിരിവ് കാര്യക്ഷമമാവുകയും അത് വഴി വികസന പ്രവർത്തനത്തിന് കൂടുതൽ തനത് ഫണ്ട് ലഭ്യത ഉണ്ടാക്കാനും സാധിച്ചു. ഫയലധിഷ്ഠിത ഗവേണൻസിൽ നിന്നും ഡാറ്റാ അധിഷ്ഠിത ഗവേണൻസിലേക്ക് മാറി. അടുത്ത ലക്ഷ്യം പ്രെഡിക്റ്റീവ് ഗവേണൻസ് ആണ്. 31.01.2026 തീയ്യതി വരെ ഒരു മണിക്കൂറിൽ താഴെ സമയം കൊണ്ട് 92624 എണ്ണം ഫയലുകൾ തീർപ്പാക്കാൻ കെ-സ്മാർട്ട് മുഖേന സാധിച്ചു. ഒരു മിനുട്ടിൽ താഴെ സമയം കൊണ്ട് 85217 എണ്ണം പെർമിറ്റുകൾ നൽകുന്നതിനും നാളിതുവരെ 89988 എണ്ണം വിവാഹ രജിസ്ട്രേഷനുകൾ വീഡിയോ KYC മുഖേന നടത്താനും സാധിച്ചു.

മാലിന്യ മുക്തം നവ കേരളം ക്യാമ്പയിൻ വഴി വിപ്ലവകരമായ നേട്ടങ്ങൾ നേടി. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് വാതിൽപ്പടി ശേഖരണ ശതമാനം 47 % ൽ നിന്നും 92 % ലേക്ക് ഉയർന്നു. 22,838 മിനി എം.സി.എഫ് കളും 1526 എം.സി.എഫ്. കളും 192 ആർ.ആർ.എഫ്.കളും ഏർപ്പെടുത്തി. ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം 38,355 ആയി. നിലവിൽ 95.59 ലക്ഷം വീടുകൾ ഹരിത മിത്രം ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു. അജൈവ മാലിന്യ സംസ്കരണത്തോടൊപ്പം മാലിന്യക്കൂനകൾ നീക്കം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിയമ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും മനോഭാവ മാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചു. ഇത് വഴി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു. ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചും പാഴ് വസ്തുക്കളിൽ നിന്നും വിഭവങ്ങൾ വീണ്ടെടുത്തും കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ രീതിയിലാണ് മാലിന്യ മുക്തം നവകേരളം പദ്ധതി നടപ്പിലാക്കിയത്.

| | | | |
|---|---|---|---|
| | | | ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ ജനകീയവും ഉൾക്കൊള്ളുന്നതുമായ വികസന പദ്ധതികൾ ജനങ്ങളുടെ ജീവിതനിലവാരം ഗണ്യമായി ഉയർത്തുകയും കേരള വികസന മാതൃകയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃത ഭരണവും സാമൂഹ്യനീതിയും കൈകോർക്കുന്ന ഈ സമീപനം കേരളത്തെ രാജ്യത്തിന് മാതൃകയായ സംസ്ഥാനമായി നിലനിർത്തുന്നു. |
| (ബി) | പ്രാദേശിക സർക്കാർ എന്ന നിലയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തനതു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; | (ബി) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന രംഗത്ത് ഇരട്ട ഉത്തരവാദിത്വമാണ് വഹിക്കുന്നത് - സംസ്ഥാനവും കേന്ദ്രവും ആവിഷ്കരിക്കുന്ന വികസന പദ്ധതികളുടെ പ്രാദേശിക തലത്തിലുള്ള ഏകോപനവും, അതോടൊപ്പം തങ്ങളുടേതായ വികസന പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും. കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആറ് മുൻഗണനാ മേഖലകളെ ഉൾപ്പെടുത്തി 2017 ൽ നവകേരളം കർമ്മ പദ്ധതി എന്ന പരിപാടി സർക്കാർ ആവിഷ്കരിച്ചിരുന്നു. നിലവിൽ നവകേരളം കർമ്മ പദ്ധതി 2 എന്ന പേരിൽ ഇത് തുടരുന്നുമുണ്ട്. പ്രസ്തുത മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളാണ് താഴെതട്ടിൽ നേതൃത്വം നൽകുന്നത്. ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപന തലത്തിൽ ഫലപ്രദമായി ഏകോപിപ്പിക്കാൻ കഴിയുന്നുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രാദേശിക സർക്കാർ തലത്തിൽ സംയോജിപ്പിക്കുന്നതിന് വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും ഒരു സംയുക്ത യോഗം വിളിച്ച് ചേർക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രവർത്തക സമിതികൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ആസൂത്രണ സമിതി യോഗങ്ങൾ, വകുപ്പ് തല ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി ജില്ലാ ആസൂത്രണ സമിതിയിലൂടെ ഏകോപനം ഉറപ്പാക്കി വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുന്നുണ്ട്.<br><br>ഇ-ഗവേണൻസ് സംവിധാനങ്ങൾ, സാമൂഹ്യ ഓഡിറ്റ്, സ്ഥിരമായ മേൽനോട്ടം എന്നിവ വഴി പദ്ധതി നിർവഹണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നു. ഇങ്ങനെ സംസ്ഥാന സർക്കാർ പദ്ധതികളുടെ ഏകോപനവും തദ്ദേശീയ |

| | | | |
|---|---|---|---|
| | | | ആവശ്യകതകളെ അടിസ്ഥാനമാക്കിയുള്ള സ്വതന്ത്ര ആസൂത്രണവും സംയോജിപ്പിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിലെ വികസന പ്രവർത്തനങ്ങളെ ഫലപ്രദമായി മുന്നോട്ട് നയിക്കുന്നത്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനതയ്ക്ക് ലഭ്യമാക്കേണ്ട സേവന പ്രവർത്തനങ്ങൾ വേഗത്തിലും സുഗമമായും നടപ്പിലാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (സി) | തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് അവയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണം സാധ്യമാക്കുന്നതിനും ഒരു സദ്ഭരണ നിർവഹണ പദ്ധതി തയ്യാറാക്കുവാൻ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളോട് ആവശ്യപെട്ടിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനത്തിന് (total quality management) അധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ISO നിലവാരം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഘടക സ്ഥാപനങ്ങളെ കൂടി അതേ നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ലളിതവും സുതാര്യവുമാക്കാൻ വികസിപ്പിച്ചെടുത്ത അത്യാധുനിക പ്ലാറ്റ്ഫോമായ കെ-സ്മാർട്ട്, എല്ലാ മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ഗ്രാമപഞ്ചായത്തുകളിലും നിലവിൽ നടപ്പിലാക്കി കഴിഞ്ഞു. ജനന-മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ എന്നിവ ഓൺലൈനായി അപേക്ഷിക്കാനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാനും പൊതു ജനങ്ങൾക്ക് സാധിക്കും. പ്ലാനുകൾ സമർപ്പിക്കുന്നതും അനുമതി ലഭിക്കുന്നതും പൂർണ്ണമായും ഡിജിറ്റലായി മാറി. നികുതി വിവരങ്ങൾ വീട്ടിലിരുന്ന് തന്നെ അറിയാനും ഓൺലൈനായി പണമടച്ച് രസീത് കൈപ്പറ്റാനും സാധിക്കും. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി സമർപ്പിക്കാനും അതിന്റെ പുരോഗതി വിലയിരുത്താനും സാധിക്കും. വ്യാപാര സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസുകളും വേഗത്തിൽ ലഭ്യമാകുന്നുണ്ട്.<br><br>എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിൽ എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ